**പതിമൂന്നാം കേരള നിയമസഭ**

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി
# (2014-2016)

## പതിനാറാമത് റിപ്പോർട്ട്

(2014 ഡിസംബർ മാസം 17-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2006-2008), കിർത്താഡ്സ് സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2015

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി
# (2014-2016)

പതിനാറാമത് റിപ്പോർട്ട്

(2014 ഡിസംബർ മാസം 17-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2006-2008), കിർത്താഡ്സ് സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

35/2015.

# ഉള്ളടക്കം


| | | | | പേജ് |
|---|---|---|---|---|
| സമിതിയുടെ ഘടന | | | .. | v |
| മുഖവുര | | | .. | vii |
| അദ്ധ്യായം I | : | റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II | : | ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 1 |

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2014-2016)

## ഘടന

<u>ചെയർമാൻ</u> :

ശ്രീ. വി. പി. സജീന്ദ്രൻ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അജിത്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. സി. കെ. സദാശിവൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. വി. ശശി

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

ശ്രീ. കെ. വി. വിജയദാസ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സി. അജിത്, അണ്ടർ സെക്രട്ടറി.

# മുഖവുര

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പതിനാറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2014 ഡിസംബർ മാസം 11-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. പി. സജീന്ദ്രൻ,

*അദ്ധ്യക്ഷൻ,*

*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2014 ഡിസംബർ 17.

# റിപ്പോർട്ട്

## അദ്ധ്യായം I

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2006-2008)-യുടെ രണ്ടാമത് റിപ്പോർട്ട് (കിർത്താഡ്സ് സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത് ) 2008 ജൂലൈ മാസം 23-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ കിർത്താഡ്സിന്റെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനത്തിനും സമയബന്ധിതമായി പരാതികൾ തീർപ്പാക്കാനും സഹായകരമായ 12 ശിപാർശകൾ ഉൾക്കൊള്ളിച്ചിരുന്നു.

പ്രസ്തുത ശിപാർശകളിന്മേൽ അനന്തര നടപടി സ്വീകരിക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ കോപ്പികൾ 10-10-2008-ൽ സർക്കാരിലേക്ക് അയച്ചുകൊടുത്ത് സമിതിയുടെ ശിപാർശയിന്മേൽ ഗവൺമെന്റ് സ്വീകരിച്ച നടപടികളുടെ കുറിപ്പുകൾ ആവശ്യപ്പെടുക യുണ്ടായി. അതനുസരിച്ച് ഖണ്ഡിക 28, 29 എന്നിവയിലെ ശിപാർശയിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പും ഖണ്ഡിക 36, 37, 38, 39 എന്നിവയിൽ റവന്യൂ വകുപ്പും നൽകിയ മറുപടി 19-1-2011-ലെ സമിതിയോഗം അംഗീകരിച്ചു. തുടർന്ന് ബാക്കിയുള്ള ശിപാർശകളിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ലഭ്യമാക്കിയ മറുപടികൾ 13-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.

സമിതി (2006-08)-യുടെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽനിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികളും ഈ റിപ്പോർട്ടിന്റെ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

(ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ് )

### ശിപാർശ നമ്പർ 1

(ഖണ്ഡിക 27)

കിർത്താഡ്സിലെ ഗവേഷണ വിഭാഗത്തിൽ നിലവിലുള്ള ടെക്നിക്കൽ തസ്തികകൾക്ക് പുറമെ ഒരു റിസർച്ച് ഓഫീസർ (ആന്ത്രോപോളജി), ഒരു റിസർച്ച് ഓഫീസർ (ലോ)എന്നീ തസ്തികകളും രണ്ട് ജില്ലയ്ക്ക് ഒരു റിസർച്ച് അസിസ്റ്റന്റ് തസ്തിക എന്ന ക്രമത്തിൽ ഏഴ് ആയും ഇൻവെസ്റ്റിഗേറ്റർ തസ്തിക ഒരു ജില്ലയ്ക്ക് ഒരാൾ എന്ന നിലയിൽ പതിനാല് എണ്ണമായും വർദ്ധിപ്പിക്കുന്നതിനും വിജിലൻസ് സെല്ലിൽ എത്തുന്ന പരാതികളും മറ്റും കൃത്യതയോടെ പ്രോസസ് ചെയ്യുന്നതിനായി പ്രസ്തുത സെല്ലിനുവേണ്ടി മാത്രമായി ഒരു ഹെഡ് ക്ലാർക്ക്, മൂന്നു ക്ലാർക്കുമാർ, ഒരു ടൈപ്പിസ്റ്റ്, ഒരു പ്യൂൺ എന്നിങ്ങനെ നോൺ ടെക്നിക്കൽ തസ്തികകളും പുതുതായി അനുവദിക്കുന്നതിന് വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി (7-5-2011-ലെ 23384/സി1/2008/പജപവവിവ. നമ്പർ കത്ത് മുഖേന)

കിർത്താഡ്സ് രൂപീകൃതമായ സമയത്ത് ഇല്ലാതിരുന്നതും പിന്നീട് നൽകിയതുമായ അധിക ചുമതലകൾ നിർവ്വഹിക്കുന്നതിന് കിർത്താഡ്സ് ഡയറക്ടർ 32 തസ്തികകൾ ആവശ്യപ്പെട്ടതനുസരിച്ച് സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സ.ഉ. (കൈ.)നമ്പർ 29/11/പജപവവിവ. തീയതി 1-3-2011 പ്രകാരം 10 തസ്തികകൾ അധികമായി സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ നമ്പർ 2

(ഖണ്ഡിക 28)

വിജിലൻസ് സെല്ലിന്റെ അന്വേഷണം പൂർത്തിയാക്കി സമർപ്പിക്കപ്പെടുന്ന റിപ്പോർട്ടുകൾ പരിഗണിക്കേണ്ട സ്ക്രൂട്ടിനി കമ്മിറ്റികൾ ഓരോ മാസത്തിലും നിശ്ചിത തീയതികളിൽത്തന്നെ കൂടുന്നതിനും പരാതികളിന്മേൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നത് ഉറപ്പ് വരുത്തുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി (5-8-2010-ലെ 25731/ജി3/2008/പജപവവിവ. നമ്പർ കത്ത് പ്രകാരം)

സമിതിയുടെ ശിപാർശ സർക്കാർ അംഗീകരിക്കുന്നു. പട്ടികജാതി പട്ടികവർഗ്ഗ ജാതി സർട്ടിഫിക്കറ്റുകളുടെ സൂക്ഷ്മ പരിശോധനയ്ക്കായുള്ള സ്ക്രൂട്ടിനി കമ്മിറ്റിയുടെ മീറ്റിങ്ങുകൾ എല്ലാ മാസവും കൂടി കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ആത്മാർത്ഥമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

ശിപാർശ നമ്പർ 3

(ഖണ്ഡിക 29)

സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന സ്ക്രൂട്ടിനി കമ്മിറ്റികൾ വികേന്ദ്രീകരിച്ച് ജില്ലാടിസ്ഥാനത്തിൽ കളക്ടർ ചെയർമാനും, റവന്യൂ ഡിവിഷണൽ ഓഫീസർ, പട്ടികജാതി വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ എന്നിവരും കിർട്ടാഡ്സിലെ ഒരു ആന്ത്രോപോളജിസ്റ്റും മെമ്പർമാരായും ഒരു സ്ക്രൂട്ടിനി കമ്മിറ്റി രൂപീകരിച്ച് ജില്ലാടിസ്ഥാനത്തിൽ തന്നെ പരാതികൾക്ക് തീർപ്പ് കൽപ്പിക്കേണ്ടതാണ്. ഈ കമ്മിറ്റി തീരുമാനത്തിന്മേലുള്ള അപ്പലേറ്റ് അതോറിറ്റിയായി കിർട്ടാഡ്സിനെ മാറ്റിയാൽ കൂടുതൽ കാര്യക്ഷമമായും സമയബന്ധിതമായും പരാതികൾ തീർപ്പാക്കുന്നതിന് കഴിയുന്നതാണ്. ആയതിനാൽ ഇപ്രകാരം ചെയ്യുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി (5-8-2010-ലെ 25731/ജി3/2008/പജപവവിവ. നമ്പർ കത്ത് പ്രകാരം)</u>

നിലവിലുള്ള സ്ക്രൂട്ടിനി കമ്മിറ്റി ജില്ലാ അടിസ്ഥാനത്തിൽ വികേന്ദ്രീകരിക്കണമെന്ന ശിപാർശ തല്ക്കാലം പരിഗണിക്കാനാവില്ലെന്നറിയിക്കുന്നു.

<u>ശിപാർശ നമ്പർ 4</u>

<u>(ഖണ്ഡിക 30)</u>

മറ്റ് പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട സമുദായങ്ങളെ സംബന്ധിച്ച പഠനങ്ങൾ നടത്തുന്നതിന് സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ കീഴിൽ സംവിധാനം ഉണ്ടാക്കുന്നതിനോ കിർത്താഡ്സിൽ മറ്റ് പിന്നോക്ക വിഭാഗങ്ങൾക്ക് മാത്രമായി ഒരു പ്രത്യേക വിഭാഗം രൂപീകരിക്കുന്നതിനോ സർക്കാർ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി (23-4-2011-ലെ 26478/എഫ്1/09/പജപവവിവ. നമ്പർ കത്ത് മുഖേന)</u>

1-3-2011-ലെ സ.ഉ. (കൈ.) നമ്പർ 29/11/പജപവവിവ. ഉത്തരവ് പ്രകാരം കിർത്താഡ്സിൽ താഴെ പറയുന്ന തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായ വിവരം സമിതിയെ അറിയിക്കുന്നു:

(1) റിസർച്ച് ഓഫീസർ (ആന്ത്രോപോളജി) .. 2 എണ്ണം

(2) റിസർച്ച് അസിസ്റ്റന്റ് (ആന്ത്രോപോളജി) .. 4 എണ്ണം

(3) ഇൻവെസ്റ്റിഗേറ്റർ (ആന്ത്രോപോളജി/സോഷ്യോളജി .. 4 എണ്ണം

<u>ശിപാർശ നമ്പർ 5</u>

<u>(ഖണ്ഡിക 31)</u>

പത്തുവർഷത്തിലൊരിക്കൽ സർവ്വേ നടത്തി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ സാമ്പത്തികവും സാമൂഹികവുമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന സമുദായങ്ങളെ കണ്ടെത്തി അവർക്ക് കിർത്താഡ്സിൽ പ്രത്യേക പരിശീലനം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ കിർത്താഡ്സിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന എല്ലാ പരിശീലന പരിപാടികളെയും സംബന്ധിച്ച് വാർഷിക അവലോകന പഠനങ്ങൾ നടത്തേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി (21-2-2011-ലെ 23384/സി1/2008/പജപവവിവ. നമ്പർ കത്ത് പ്രകാരം)

കിർത്താഡ്സിൽ നടപ്പിലാക്കുന്ന പരിശീലന പരിപാടികളിൽ ഇത്തരം വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നതിന് ശ്രദ്ധിക്കാറുണ്ട്. ഇത് കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് കിർത്താഡ്സിലെ പരിശീലന വിഭാഗത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ശിപാർശ നമ്പർ 6

(ഖണ്ഡിക 32)

കേന്ദ്ര-സംസ്ഥാന സർക്കാരുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കോടിക്കണക്കിനു രൂപ പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി വിവിധ പദ്ധതികൾക്കായി വിനിയോഗിച്ചുവരുന്നു. പ്രസ്തുത പ്രവർത്തനങ്ങൾകൊണ്ട് ഈ ജനവിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തികാവസ്ഥയിൽ എന്തുതരത്തിലുള്ള മാറ്റങ്ങൾ ഉണ്ടാക്കി എന്നതിനെക്കുറിച്ച് യാതൊരുതരത്തിലുള്ള പഠനങ്ങളും നടത്തുന്നില്ല. ആയതിനാൽ ഇപ്രകാരം നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ചും അവലോകന പഠനങ്ങൾ കിർത്താഡ്സ് മുഖേന നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി (31-12-2011-ലെ 23384/സി1/2008/പജപവവിവ. നമ്പർ കത്ത് മുഖേന)

നിലവിലുള്ള സാങ്കേതിക വിഭാഗം ജീവനക്കാരെ പ്രയോജനപ്പെടുത്തിക്കൊണ്ട് കിർത്താഡ്സ് ഇത്തരം പഠനങ്ങൾ നടത്തിവരുന്നുണ്ട്.

ശിപാർശ നമ്പർ 7

(ഖണ്ഡിക 33)

ഹൈക്കോടതിയിലെ കിർത്താഡ്സിന്റെ ലെയ്സൺ ഓഫീസർ തസ്തിക അടിയന്തരമായി നികത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കിർത്താഡ്സിന്റെ ഭരണനിർവ്വഹണ വിഭാഗത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഒരു സീനിയർ സൂപ്രണ്ട്, ഒരു ഫെയർ കോപ്പി സൂപ്രണ്ട്, മൂന്ന് എൽ. ഡി. ക്ലാർക്ക്, മൂന്ന് എൽ. ഡി. ടൈപ്പിസ്റ്റ്, ഒരു പ്യൂൺ എന്നീ തസ്തികകൾ അധികമായി അനുവദിക്കുന്നതിന് നടപടി കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി (21-2-2011-ലെ 23384/സി1/2008/പജപവവിവ. നമ്പർ കത്ത് പ്രകാരം)</u>

കിർത്താഡ്സുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഫയൽ ചെയ്യുന്ന കേസുകളുടെ സമഗ്രമായ നടത്തിപ്പിന് പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകൾക്കും കിർത്താഡ്സിനുമായി ഒരു ലെയ്സൺ ഓഫീസർ തസ്തിക നിലവിലുള്ളത് നികത്തിയിട്ടുണ്ട്.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി (7-5-2011-ലെ 23384/സി1/2008/പജപവവിവ. നമ്പർ കത്ത് മുഖേന)</u>

കിർത്താഡ്സിന്റെ ഭരണനിർവ്വഹണ വിഭാഗത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിക്കുകയും അധിക തസ്തികകൾ അനുവദിക്കേണ്ടതില്ല എന്ന തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ നമ്പർ 8</u>

<u>(ഖണ്ഡിക 34)</u>

പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവയുടെ പ്ലാനിംഗ് വിഭാഗങ്ങളും കിർത്താഡ്സിന്റെ പ്ലാനിംഗ് വിഭാഗവുമായി ഒരു കോ-ഓർഡിനേഷൻ ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി (3-12-2011-ലെ 23384/സി1/2008/പജപവവിവ. നമ്പർ കത്ത് മുഖേന)</u>

പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ പ്ലാനിംഗ് വിഭാഗങ്ങൾ കിർത്താഡ്സിന്റെ പ്ലാനിംഗ് വിഭാഗവുമായി കോ-ഓർഡിനേഷൻ ഉണ്ടാക്കുന്നതിനും കിർത്താഡ്സിന്റെ പദ്ധതിപ്രവർത്തനങ്ങൾക്ക് കാലതാമസം വരാത്തവിധം വികസന വകുപ്പുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിനും ധാരണയായതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പുകളുടെ പ്ലാനിംഗ് ഓഫീസർമാരും കിർത്താഡ്സിന്റെ ഡെപ്യൂട്ടി ഡയറക്ടറും ഉൾപ്പെട്ട ഒരു കോ-ഓർഡിനേഷൻ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

<u>ശിപാർശ നമ്പർ 9</u>

<u>(ഖണ്ഡിക 36)</u>

ജാതി സർട്ടിഫിക്കറ്റിനായി അപേക്ഷ നൽകുന്ന വ്യക്തിയെക്കുറിച്ച് പ്രാദേശിക തലത്തിൽ അന്വേഷണം നടത്തി ശിപാർശ നൽകുന്നതിനുപകരം സമുദായ സംഘടനകളുടെയും അമ്പല കമ്മിറ്റിക്കാരുടെയും ശിപാർശക്കത്തുകൂടി ഹാജരാക്കുവാൻ ചില വില്ലേജ് ഓഫീസർമാർ നിർദ്ദേശം നൽകുന്നതായും ഇപ്രകാരം ശിപാർശക്കത്ത്

ഹാജരാക്കാത്തവർക്ക് ജാതി സർട്ടിഫിക്കറ്റിന് ശിപാർശ നൽകാത്തതായും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ജാതി സർട്ടിഫിക്കറ്റുകൾ നൽകുന്നതു സംബന്ധിച്ചുള്ള നിയമത്തിൽ ഇത്തരം വ്യവസ്ഥകൾ ഇല്ലായെന്നും ഇത് സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങൾ ഒന്നുംതന്നെ നൽകിയിട്ടില്ലായെന്നും സമിതി മനസ്സിലാക്കുന്നു. ചട്ടവിരുദ്ധമായ ഇത്തരം നിർദ്ദേശങ്ങൾ നൽകുന്നതിൽനിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിലക്കിക്കൊണ്ട് കർശന ഉത്തരവ് നൽകണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി (3-12-2011-ലെ 23384/സി1/2008/പജപവവിവ. നമ്പർ കത്ത് മുഖേന)

ജാതി സർട്ടിഫിക്കറ്റ് നൽകുന്ന വിഷയത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കിർത്താഡ്സിൽ പരിശീലനം നൽകണമെന്ന സമിതി ശിപാർശ റവന്യൂ വകുപ്പ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. 2002-ലെ പട്ടികജാതി ഗോത്ര വർഗ്ഗ സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ചട്ടങ്ങളിലെ നിബന്ധനകൾക്കു വിധേയമായി ജാതി സർട്ടിഫിക്കറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് റവന്യൂ ഉദ്യോഗസ്ഥർക്ക് കിർത്താഡ്സിൽ പരിശീലനം നൽകുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുവാൻ കിർത്താഡ്സ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

റവന്യൂ വകുപ്പിന്റെ മറുപടി (15-12-2008-ലെ 62853/റ്റി2/2008/ആർ.ഡി. നമ്പർ കത്ത് മുഖേന)

മിക്ക വില്ലേജ് ഓഫീസർമാരും ജാതി സർട്ടിഫിക്കറ്റിനായി തങ്ങളെ സമീപിക്കുന്ന അപേക്ഷകരുടെ ജാതി സംബന്ധിച്ച് വിവിധ ജാതി/മത സംഘടനകളുടെ സാക്ഷ്യപത്രം/ അഭിപ്രായം ആരായുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും അതിനെത്തുടർന്ന് സ്വന്തംനിലയിൽ സ്വതന്ത്രമായി അന്വേഷണം നടത്തി ജാതി സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് വില്ലേജ് ഓഫീസർമാർക്ക് 1-9-2008-ലെ 47261/റ്റി2/08/ആർ.ഡി. നമ്പർ കത്ത് പ്രകാരം കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് മറ്റുവിധത്തിലുള്ള വിവരശേഖരണം നടത്തുന്നതിൽനിന്നും വിലക്കിയിട്ടുണ്ട്.

ശിപാർശ നമ്പർ 10, 11

(ഖണ്ഡിക 37, 38)

ജാതി സർട്ടിഫിക്കറ്റ് ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനായി സർട്ടിഫിക്കറ്റിന്റെ കാലാവധി അഞ്ച് വർഷമായി കുറയ്ക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ജാതി സർട്ടിഫിക്കറ്റ് നൽകുമ്പോൾ സർട്ടിഫിക്കറ്റിൽ ആവശ്യം രേഖപ്പെടുത്തുന്ന നടപടി ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി (21-2-2011-ലെ 23384/സി1/2008/പജപവവിവ. നമ്പർ കത്ത് മുഖേന)</u>

27-4-2007-ലെ സർക്കാർ ഉത്തരവ് (കയ്യെ.) നമ്പർ 136/07/ആർ.ഡി. പ്രകാരം ജാതി സർട്ടിഫിക്കറ്റുകൾക്ക് കോടതി വിധിമൂലം മറിച്ച് തീരുമാനം ഇല്ലാത്തപക്ഷം 10 വർഷം സാധുതാ കാലയളവ് നിശ്ചയിച്ചിരുന്നു. ജാതി സർട്ടിഫിക്കറ്റിന് 10 വർഷത്തെ കാലാവധി നിശ്ചയിച്ചത് ദുരുപയോഗപ്പെടുത്തുന്നതായി സർക്കാരിന് വിവിധ സംഘടനകളിൽനിന്നും നിവേദനങ്ങൾ ലഭിക്കുകയുണ്ടായി. ജാതി സർട്ടിഫിക്കറ്റിന്റെ കാലപരിധി 10 വർഷമായി നിശ്ചയിച്ചിട്ടുള്ളത് റദ്ദ് ചെയ്യുന്നതിനും ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുൻപുണ്ടായിരുന്ന സമ്പ്രദായം (അതായത്, പ്രത്യേക ആവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്നത്) തുടരുന്നതിനും പ്രസ്തുത നിവേദനങ്ങളിൽ അഭ്യർത്ഥിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 23-9-2008-ലെ സർക്കാർ ഉത്തരവ് (കയ്യെ.) നമ്പർ 318/08/ആർ.ഡി.പ്രകാരം വില്ലേജ് ഓഫീസർ/തഹസിൽദാർമാർ നൽകുന്ന ജാതി സർട്ടിഫിക്കറ്റുകൾക്ക് 10 വർഷ കാലപരിധി ഇനിമേൽ ഉണ്ടായിരിക്കുന്നതല്ല എന്നും പ്രസ്തുത സർട്ടിഫിക്കറ്റുകൾ പ്രത്യേക ആവശ്യത്തിനുവേണ്ടി മാത്രം നൽകുന്നതാണ് എന്ന് ഉത്തരവായിട്ടുണ്ട്.

<u>റവന്യൂ വകുപ്പിന്റെ മറുപടി (15-12-2008-ലെ 62853/റ്റി2/2008/ആർ.ഡി. നമ്പർ കത്ത് മുഖേന)</u>

27-4-2007-ലെ സർക്കാർ ഉത്തരവ് (കയ്യെ.) നമ്പർ 136/07/ആർ.ഡി. പ്രകാരം ജാതി സർട്ടിഫിക്കറ്റുകൾക്ക് കോടതി വിധിമൂലം മറിച്ച് തീരുമാനം ഇല്ലാത്തപക്ഷം 10 വർഷം സാധുതാ കാലയളവ് നിശ്ചയിച്ചിരുന്നു. ജാതി സർട്ടിഫിക്കറ്റിന് 10 വർഷത്തെ കാലാവധി നിശ്ചയിച്ചത് ദുരുപയോഗപ്പെടുത്തുന്നതായി സർക്കാരിന് വിവിധ സംഘടനകളിൽനിന്നും നിവേദനങ്ങൾ ലഭിക്കുകയുണ്ടായി. ജാതി സർട്ടിഫിക്കറ്റിന് കാലപരിധി 10 വർഷമായി നിശ്ചയിച്ചിട്ടുള്ളത് റദ്ദ് ചെയ്യുന്നതിനും ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പുണ്ടായിരുന്ന സമ്പ്രദായം (അതായത് പ്രത്യേക ആവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്നത് ) തുടരുന്നതിനും പ്രസ്തുത നിവേദനങ്ങളിൽ അഭ്യർത്ഥിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 23-9-2008-ലെ സർക്കാർ ഉത്തരവ് (കയ്യെ.) നമ്പർ 318/08/ആർ.ഡി. പ്രകാരം വില്ലേജ് ഓഫീസർ/തഹസിൽദാർമാർ നൽകുന്ന ജാതി സർട്ടിഫിക്കറ്റുകൾക്ക് 10 വർഷ കാലപരിധി ഇനിമേൽ ഉണ്ടായിരിക്കുന്നതല്ല എന്നും പ്രസ്തുത സർട്ടിഫിക്കറ്റുകൾ പ്രത്യേക ആവശ്യത്തിനു വേണ്ടി മാത്രം നൽകുന്നതാണ് എന്നും ഉത്തരവായിട്ടുണ്ട്.

<u>ശിപാർശ 12</u>

<u>(ഖണ്ഡിക 39)</u>

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരു വ്യക്തിയുടെ ജാതി സംബന്ധിച്ച് സംശയമോ ആരോപണമോ ഉണ്ടാകുന്നപക്ഷം അർഹമായ ആനുകൂല്യങ്ങൾ

നഷ്ടപ്പെടാതിരിക്കുന്നതിന് പ്രൊവിഷണൽ ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുവേണ്ട നിർദ്ദേശങ്ങൾ തഹസിൽദാർമാർക്ക് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>റവന്യൂ വകുപ്പിന്റെ മറുപടി 15-12-2008, 17-6-2011 എന്നീ തീയതികളിലെ 62853/റ്റി2/ആർ.ഡി. നമ്പർ കത്തുകൾ മുഖേന ലഭ്യമായ മറുപടികൾ</u>

നിലവിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് 2002-ലെ കേരള (പട്ടികജാതി-പട്ടികഗോത്ര വർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ചട്ടങ്ങൾ അനുസരിച്ചാണ്. ഈ ചട്ടങ്ങളിലെ ചട്ടം 4(1)-ൽ ജാതി സർട്ടിഫിക്കറ്റിനുള്ള അപേക്ഷ കിട്ടിയാൽ 7 ദിവസത്തിനകം അത് നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ കാരണത്താൽ പ്രൊവിഷണൽ ജാതി സർട്ടിഫിക്കറ്റ് നൽകണമെന്ന നിർദ്ദേശം അംഗീകരിക്കാൻ നിർവ്വാഹമില്ല എന്ന വിവരം അറിയിക്കുന്നു. പ്രൊവിഷണൽ ജാതി സർട്ടിഫിക്കറ്റ് നൽകുന്ന വിഷയത്തിൽ ലാന്റ് റവന്യൂ കമ്മീഷണറുടെയും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും അഭിപ്രായം ലഭ്യമാക്കി നടപടി സ്വീകരിച്ച് അന്തിമ മറുപടി നൽകുന്നതാണ്.

തിരുവനന്തപുരം,
2014 ഡിസംബർ 11.

വി. പി. സജീന്ദ്രൻ,
*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*